സംസ്ഥാനത്തുള്ള വീടുകളുടെ പാറ്റേൺ

42 (2800) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള വീടുകളുടെ പാറ്റേൺ ഏത് വിധമെന്ന് കാണിക്കുന്ന വിവരങ്ങൾ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് എത്ര കോൺക്രീറ്റ് കെട്ടിടങ്ങളും എത്ര ഓല കെട്ടിയ കെട്ടിടങ്ങളും എത്ര ഓടിട്ട കെട്ടിടങ്ങളും എത്ര കുടിലുകളും ഉണ്ടെന്ന് പറയാമോ ;

(സി) സംസ്ഥാനത്തുള്ള കുടിലുകളുടെ സ്ഥാനത്ത് എന്നത്തേക്ക് മേൽത്തരം വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001-ലെ ഭവന സെൻസസ് പ്രകാരം കേരളത്തിൽ 27.85 ലക്ഷം കോൺക്രീറ്റ് കെട്ടിടങ്ങളും 50.55 ലക്ഷം ഓടിട്ട കെട്ടിടങ്ങളും 8.78 ലക്ഷം ഓല മേഞ്ഞതും 6.38 ലക്ഷം ഇതര വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുമാണ്.

(സി) തീർത്തും ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുനരുദ്ധരിക്കുന്നതിന് റിപ്പേയേഴ്സ് ആന്റ് മെയിന്റനൻസ് പദ്ധതി പുനരാരംഭിക്കുന്നത് ഇപ്പോൾ പരിഗണിച്ച് വരികയാണ്.

എല്ലാവർക്കും ഭവനം

43 (2801) ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താമസയോഗ്യമായ എത്ര വീടുകൾ ഉണ്ട് ;

(ബി) എത്ര പേർക്ക് ഒരു വീട് വീതമുണ്ട് ;

(സി) ഇനി എത്ര ഭവനങ്ങൾ കൂടി നിർമ്മിച്ചാൽ എല്ലാവർക്കും പാർപ്പിട സൗകര്യമുണ്ടാകുമെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാവർക്കും വീടുണ്ടാവുക എന്ന ലക്ഷ്യം എന്നത്തേക്ക് സാക്ഷാൽക്കരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ഇ) പ്രസ്തുത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2001-ലെ ഭവന സെൻസസ് പ്രകാരം ലഭ്യമായ വിവരങ്ങൾ അനുസരിച്ച് സംസ്ഥാനത്ത് 88.23 ലക്ഷം താമസയോഗ്യമായ വീടുകൾ ഉണ്ട്.

(ബി) ശരാശരി 5 പേർക്ക് ഒരു വീടുവീതമുണ്ട്.

(സി) 5.13 ലക്ഷം വീടുകൾ പുതുതായി നിർമ്മിക്കുകയും ജീർണ്ണാവസ്ഥയിലുള്ള 5.33 ലക്ഷം വീടുകൾ പുനരുദ്ധരിക്കുകയും ചെയ്താൽ എല്ലാവർക്കും പാർപ്പിട സൗകര്യമുണ്ടാകും.

(ഡി) മുൻഗണന നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ശ്രമിച്ചുവരികയാണ്.

(ഇ) സംസ്ഥാത്ത് ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളും ടി ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭവന നിർമ്മാണ ബോർഡ് നടപ്പ് വർഷം 44581 വീടുകൾക്ക് വായ്പാ സഹായം നൽകുന്നതിന് പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരികയാണ്.

പുതിയ ഭവന നിർമ്മാണ പദ്ധതികൾ

44 (2802) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഭവന നിർമ്മാണ പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാം ; അവ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി വീട് വെയ്ക്കുന്നതിന് ഒരു പുതിയ വായ്പാ പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് നഗര പ്രദേശങ്ങളിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 50,000 രൂപയും ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയുമാണ് നൽകാനുദ്ദേശിക്കുന്നത്. ഇതിൽ 9,000 രൂപ സർക്കാർ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly